**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3513</u>** **<u>14-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കാലിക്കറ്റ് സർവ്വകലാശാലയിലെ അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈനിംഗ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയിലെ കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി 01.01.2013 മുതൽ നാളിതു വരെ ഏതെല്ലാം സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷൻ, ലേഡീസ് ഹോസ്റ്റൽ എവറസ്റ്റ് ബ്ലോക്ക്, ഇ.എം.എം.ആർ.സി. ബിൽഡിംഗ്, സെന്റർ ഫോർ ഫിസിക്കൽ എജ്യൂക്കേഷൻ ബിൽഡിംഗ്, ഫിനാൻഷ്യൽ എക്കണോമിക്സ് ബിൽഡിംഗ് (തൃശ്ശൂർ), സ്വിമ്മിംഗ് പൂൾ എന്നീ ബിൽഡിംഗുകളുടെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി M/s. P.C. Rasheed & Associates എന്ന സ്ഥാപനത്തിനെയും, സെന്റർ ഫോർ എക്സാമിനേഷൻ ഓട്ടോമേഷൻ ആന്റ് മാനേജ്മെന്റ് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT)-യെയും ആണ് ചുമതലപ്പെടുത്തിയിരുന്നത്. |
| (ബി) | ഓരോ സ്ഥാപനത്തിനും നൽകിയ തുകയും കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണവും എത്രയാണെന്ന് വിശദമാക്കുമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാലിക്കറ്റ് സർവ്വകലാശാലയിൽ പുതുതായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി കോഴിക്കോട് എൻ.ഐ.റ്റി. ആവശ്യപ്പെട്ട തുക എത്രയാണെന്നും, പ്രസ്തുത കെട്ടിടത്തിന്റെ തറവിസ്തീർണം എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) | സർവ്വകലാശാലയിൽ പുതുതായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി 450/- രൂപ + GST 18% per sq.m of plinth area ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. കെട്ടിടത്തിന്റെ നിലവിലുള്ള പ്ലാൻ അനുസരിച്ച് തറ വിസ്തീർണ്ണം 13366 $m^2$ ആണ് (3 നില പരിഗണിക്കുമ്പോൾ). |
| (ഡി) | എൻ.ഐ.റ്റി. ആവശ്യപ്പെട്ട തുക അംഗീകരിക്കുന്നതിന് സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം ശിപാർശ ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നിർദ്ദിഷ്ട അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനു NIT കോഴിക്കോടിനെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം (U.O.No.5732/2022/Admn dated 28.02.2022) ചുമതലപ്പെടുത്തിയിരുന്നു. യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ 25.03.2022 തീയതിയിലെ 35918/ENG.DIV-DRAUGHTSMAN- |

| | | | |
|---|---|---|---|
| | | | 1(CIVIL)/2021/Admn നമ്പർ കുറിപ്പ് പ്രകാരം നിർദ്ദിഷ്ട അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനു NIT കോഴിക്കോട് സമർപ്പിച്ച കൺസൾട്ടൻസി ചാർജായ 70,97,346/- രൂപ (at Rs. 450/- + GST @ 18% per sq.m. of plinth area) അംഗീകരിക്കുന്ന വിഷയവും, കൺസൾട്ടൻസി ചാർജിന്റെ 75% (53,23,009/- രൂപ) മുൻകൂറായി നൽകുന്ന വിഷയവും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും, 10.05.2022 നു ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും, വിശദമായ പരിശോധനയ്ക്ക് ശേഷം യുക്തമായ തീരുമാനം എടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. സിൻഡിക്കേറ്റിന്റെ മേൽ സൂചിപ്പിച്ച തീരുമാനം 21.05.2022 തീയതിയിലെ 10328/2022/Admn നമ്പർ ഉത്തരവ് പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | കെട്ടിടങ്ങളുടെ പേര് | തറ വിസ്തീർണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1. | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷൻ | 1968.61 $m^2$ | 61,027/- |
| 2. | ലേഡീസ് ഹോസ്റ്റൽ എവറസ്റ്റ് ബ്ലോക്ക് | 2851.77 $m^2$ | 88,405/- |
| 3. | ഇ.എം.എം.ആർ.സി. ബിൽഡിംഗ് | 308.94 $m^2$ | 9,577/- |
| 4. | സെന്റർ ഫോർ ഫിസിക്കൽ എജ്യുക്കേഷൻ ബിൽഡിംഗ് | 378.51 $m^2$ | 11,734/- |
| 5. | ഫിനാൻഷ്യൽ എക്കണോമിക്സ് ബിൽഡിംഗ്, തൃശ്ശൂർ. | 255.33 $m^2$ | 7,915/- |
| 6. | സ്വിമ്മിംഗ് പൂൾ | | നൽകിയിട്ടില്ല. |
| 7. | സെന്റർ ഫോർ എക്സാമിനേഷൻ ഓട്ടോമേഷൻ ആന്റ് മാനേജ്മെന്റ് | 2268.53 $m^2$ | സ്ട്രക്ച്ചറൽ കൺസൾട്ടൻസി ഫീസായ 5,44,560/- രൂപയിൽ മുൻകൂർ തുകയായി 60 ശതമാനം മാത്രമേ അനുവദിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ.